പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3535

21.12.2012- ൽ മറുപടിയ്ക്ക്

**അഗതിമന്ദിരങ്ങളുടേയും അനാഥാലയങ്ങളുടേയും നിലവാരം ഉയർത്തുവാൻ നടപടി**

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | അഗതി മന്ദിരങ്ങളുടേയും അനാഥാലയങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല മോണിട്ടറിംഗ് സെൽ പുന: സംഘടിപ്പിച്ചുകൊണ്ടും, ജില്ലാതല മോണിറ്ററിംഗ് സെല്ലുകളും, ഓർഫനേജ് കൺട്രോൾ ബോർഡും സമർപ്പിക്കുന്ന അനാഥാലയങ്ങളെ സംബന്ധിയ്ക്കുന്ന വിഷയങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് എല്ലാ മാസങ്ങളിലും യോഗം ചേർന്ന് അനാഥാലയങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) | അഗതി മന്ദിരങ്ങളിലും അനാഥാലയങ്ങളിലും താമസിക്കുന്ന അന്തേവാസികളുടെ ജീവിത നിലവാരം ഉയർത്താൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ ; ഇവയ്ക്കുള്ള വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | അനാഥാലയങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെക്കാണുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>i. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ കാറ്റഗറിയിൽപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ii. സ്ഥാപനങ്ങൾക്ക് ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ ചെലവഴിയ്ക്കാവുന്ന തുക 500/-ൽ നിന്ന് 1500/- രൂപ ആക്കിയും സർക്കാർ ഗ്രാന്റ് 250/-ൽ നിന്ന് 525/- രൂപ ആയി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | iii ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഒരു രൂപ നിരക്കിൽ 7 കിലോ അരി, (25% പച്ചരി), ബി.പി.എൽ. നിരക്കിൽ 3 കിലോ ഗോതമ്പ്, ബി.പി.എൽ നിരക്കിൽ 400 ഗ്രാം പഞ്ചസാര എന്നിവ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>iv. ഓർഫനേജുകളിലെ അർഹരായ മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം അവർ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ തന്നെ ലഭിയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br>v. ക്ഷേമ സ്ഥാപനങ്ങളിൽ മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധനയ്ക്ക് മെഡിക്കൽ ഓഫീസർമാരെ ചുമതല പ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അനാഥാലയങ്ങൾക്ക് പ്രതിമാസ ഗ്രാന്റാണ് നൽകി വരുന്നത് ഇത് ഒരു അന്തേവാസിയ്ക്ക് പ്രതിമാസം 250 രൂപയിൽ നിന്ന് 01.04.2012 മുതലാണ് 525 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത് |
| (സി) | സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അഗതി-അനാഥാലയ മന്ദിരങ്ങളുണ്ടോ ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ ? | (സി) | സംസ്ഥാനത്തെ 57 അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോടും, ബന്ധപ്പെട്ട Anti Child Trafficking ഡി.വൈ.എസ്.പി. മുഖേന നടപടി സ്വീകരിയ്ക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

R. Vijayakumar

സെക്ഷൻ ഓഫീസർ